# സ്ത്രീയും അധികാരവും

എം. എൻ. കാരശ്ശേരി



സ്ത്രീയും അധികാരവും

എം. എൻ. കാരശ്ശേരി
(മലയാളം: ലേഖനം)

© 2023, M. N. Karassery

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

A Lady Writing, a painting by Johannes Vermeer (1632–1675). The image is taken from Wikimedia Commons and is gratefully acknowledged.

Sayahna Foundation
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# സ്ത്രീയും അധികാരവും

സ്ത്രീ ഇന്ത്യയിൽ പലവിധമായ വിവേചനത്തിനും അനീതിക്കും വിധേയയാവുന്നു എന്നതിനെപ്പറ്റി ആരും തർക്കിക്കുമെന്നു തോന്നുന്നില്ല. ഹിന്ദു–മുസ്ലിം–ക്രിസ്ത്യൻ സമൂഹങ്ങളിലെല്ലാം ഒരു വിധത്തിലല്ലെങ്കിൽ മറ്റൊരു വിധത്തിൽ മേല്പറഞ്ഞ വിവേചനവും അനീതിയും നിലനിൽക്കുന്നുണ്ട്. മറ്റു സമുദായങ്ങളിലെയും സ്ഥിതി വ്യത്യസ്തമല്ല.

ഇപ്പറഞ്ഞതിലേക്ക് വിവാഹവുമായി ബന്ധപ്പെട്ട ചെറിയൊരുദാഹരണം കാണിക്കാം. ചൊവ്വാദോഷമെന്ന് ജാതകത്തിൽ പറയുന്ന ഒരു സ്ത്രീയ്ക്ക് ഹിന്ദുസമൂഹത്തിൽ വിവാഹം നടക്കാൻ പ്രയാസമാണ്. കാര്യമോ കാരണമോ ഇല്ലാതെ തന്നിഷ്ടത്തിനു ഭാര്യയെ മൊഴിചൊല്ലി ഉപേക്ഷിക്കുവാൻ പുരുഷന് സൗകര്യം നൽകുന്നതാണ് മുസ്ലീങ്ങളുടെ മത നിയമം. ക്രിസ്ത്യൻ പാരമ്പര്യം എന്തു കാര്യമുണ്ടായാലും, എത്ര ന്യായമായ കാരണമുണ്ടായാലും, ഒരിക്കലും വിവാഹമോചനം അനുവദിക്കുകയില്ല.

ഇതുകൊണ്ടെല്ലാം കൂടുതൽ ദുരിതം അനുഭവിക്കുന്നത് സ്ത്രീയാണ്. നമ്മുടെ നാട്ടിൽ കുടുംബത്തിലും നിരത്തിലും തൊഴിൽശാലയിലും രാഷ്ട്രീയത്തിലുമെല്ലാം രണ്ടാംതരം പൗരത്വമാണ് സ്ത്രീക്കുള്ളത്. സംശയമില്ല.

ഇതിന് എന്താണ് പരിഹാരം?

ആളുകൾ പറയുന്നു: സ്ത്രീ വിദ്യാഭ്യാസം നേടണം, തൊഴിൽ ചെയ്യണം, പണം സമ്പാദിക്കണം, പുരുഷനെ ആശ്രയിക്കാതെ ജീവിക്കണം, സംഘടിച്ച് ശക്തരാകണം, രാഷ്ട്രീയത്തിലിറങ്ങണം… മറ്റും മറ്റും…

ഇതെല്ലാം ശരിതന്നെ. വേണ്ടതു തന്നെ. ഇക്കൂട്ടത്തിൽ സ്ത്രീശാക്തീകരണത്തിന് ഏറ്റവും അത്യാവശ്യമായത് എന്താണ്?

എന്റെ നോട്ടത്തിൽ അതിന്ന് ഏറ്റവും ആദ്യം വേണ്ടത് സ്ത്രീകൾക്ക് അധികാരത്തിൽ പങ്കുകിട്ടുകയാണ്.

ഇക്കഴിഞ്ഞ അച്യുതാനന്ദൻ സർക്കാരിന്റെ (2006–2011) പ്രധാനപ്പെട്ട നേട്ടം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഇരിപ്പിടങ്ങളിൽ 50 ശതമാനം സ്ത്രീക്കുവേണ്ടി സംവരണം ചെയ്തുകൊണ്ട് നിയമം കൊണ്ടുവന്നതാണ്.

അതനുസരിച്ചാണ് 2010-ൽ തദ്ദേശ സ്വയംഭരണ സമിതികളിലേക്കുള്ള തെരഞ്ഞെടുപ്പ് നടന്നത്. പക്ഷേ, തൊട്ടുപിറകെ വന്ന നിയമസഭാതെരഞ്ഞെടുപ്പിൽ (ഏപ്രിൽ 2011) സ്ത്രീസംവരണത്തെപ്പറ്റി ഇടതുമുന്നണിയോ ജനാധിപത്യമുന്നണിയോ മാധ്യമങ്ങളോ ആരും ആലോചിച്ചില്ല, ഒന്നും മിണ്ടിയില്ല!

2011-ലെ ജനസംഖ്യാകണക്കനുസരിച്ച് കേരളത്തിൽ 3 കോടി 33 ലക്ഷം പേരുണ്ട്. ഇതിൽ എണ്ണം അധികമുള്ളത് സ്ത്രീകളാണ്. 1000 പുരുഷന് 1084 സ്ത്രീ. എന്നും കേരളത്തിൽ സ്ത്രീകൾ അധികമായിരുന്നു. ഈ ന്യായം അനുസരിച്ച് കേരളനിയമസഭയിലെ 140 ഇരിപ്പിടങ്ങളിൽ 70 എണ്ണം (അതായത് 50 ശതമാനം) സ്ത്രീകൾക്കുവേണ്ടി സംവരണം ചെയ്യേണ്ടതാണ്.

ഇവിടത്തെ ഏറ്റവും വലിയ കക്ഷിയായ സി. പി. എം. 8 വനിതാ സ്ഥാനാർത്ഥികളെ മാത്രമേ മത്സരരംഗത്തിറക്കിയുള്ളൂ. രണ്ടാമത്തെ കക്ഷി കോൺഗ്രസ്സിന്റെ വനിതാസ്ഥാനാർത്ഥികളുടെ എണ്ണം 7. മൂന്നാമത്തെ കക്ഷി മുസ്ലിം ലീഗ് ഇത്തവണ 24 പേരെ നിർത്തി. അതിൽ ഒരു സ്ത്രീ പോലുമില്ല!

2011-ൽ നിലവിൽവന്ന 13-ാം കേരള നിയമസഭയിൽ എത്ര വനിതാ എം. എൽ. എ.-മാരുണ്ടെന്നോ: വെറും 7. സത്യത്തിൽ വേണ്ടതിന്റെ (അതായത് 70) പത്തു ശതമാനം മാത്രം…



മൻമോഹൻസിങ്ങ്

ഇന്ത്യൻ പാർലിമെന്റിൽ 33 ശതമാനം ഇരിപ്പിടം സ്ത്രീക്ക് സംവരണം ചെയ്യണം എന്ന് നമ്മൾ പറയാൻ തുടങ്ങിയിട്ട് കാലമെത്രയായി? പല സർക്കാറുകളും ഇതു ചർച്ച ചെയ്തു. മിക്ക കക്ഷികളുടെയും പ്രകടനപത്രികകളിൽ തെരഞ്ഞെടുപ്പ് വാഗ്ദാനങ്ങളിൽ പ്രധാനപ്പെട്ട ഒന്നായി അത് പ്രത്യക്ഷപ്പെട്ടിരുന്നു. മൻമോഹൻസിങ്ങിന്റെ നേതൃത്വത്തിലുള്ള ഇപ്പോഴത്തെ യു. പി. എ. സർക്കാർ ഭരണം തുടങ്ങിയ സമയത്ത് രാജ്യസഭയിൽ ആ ബില്ല് പാസ്സാവുകകൂടി ചെയ്തു. ബഹളം കാരണം ലോക്സഭയിൽ പാസ്സായില്ല. പിന്നെ, എല്ലാ കക്ഷിക്കാരും പതിവുപോലെ, അതേപ്പറ്റി ഉദാസീനരായി.

കാര്യം ലളിതമാണ്. സ്ത്രീയെ അധികാരസ്ഥാനത്ത് കാണാൻ ഇന്ത്യക്കാർക്ക് ഇഷ്ടമില്ല. കുടുംബങ്ങളിലും പുറത്തുമെല്ലാം അവളെ താഴെ നിർത്തുക എന്നതാണ് നമ്മുടെ രീതി.

തെളിവു തരാം: സമുദായം ഏതുമാവട്ടെ, നാട്ടിലെ ഭക്തരിലധികവും സ്ത്രീകളാണ്. മതസ്ഥാപനങ്ങൾക്കു വേണ്ടിയും ദേവാലയങ്ങൾക്കു വേണ്ടിയും കൂടുതൽ പണവും അധ്വാനവും ചെലവാക്കുന്നത് സ്ത്രീകളാണ്. ഏതു മതക്കാരാണ് ദേവാലയങ്ങളിൽ പുരോഹിതരായോ, ഭരണസമിതി അംഗങ്ങളായോ സ്ത്രീകളെ നിശ്ചയിക്കുന്നത്? എത്ര അമ്പലങ്ങളിൽ പൂജാരിണിമാരുണ്ട്? ഏതു പള്ളിയിലാണ് പള്ളീലച്ചനെപ്പോലെ പള്ളീലമ്മയുള്ളത്? ഏതെങ്കിലും മസ്ജിദിൽ ഇമാം ആയി വല്ല സ്ത്രീയും ഉണ്ടോ? അത്തരം ആലോചനകൾ തന്നെ നട്ടപ്പിരാന്തായി വ്യാഖ്യാനിക്കപ്പെടാനാണ് സാധ്യത.

അഡ്വ. കെ. പി. മറിയുമ്മ കേരളത്തിലെ ഒരു മഹല്ല് കമ്മിറ്റിയുടെ പ്രസിഡന്റ് ആകില്ല. പക്ഷേ, ജനാധിപത്യം അവരെ മലപ്പുറം ജില്ലാ പഞ്ചായത്തിന്റെ പ്രസിഡന്റാക്കി—ഇതാണ് മതപാരമ്പര്യവും ആധുനികരാഷ്ട്രീയവും തമ്മിലുള്ള വ്യത്യാസം.

ഞാൻ ആവർത്തിക്കുന്നു: ഈ സ്ത്രീവിവേചനം എല്ലാ മതപാരമ്പര്യങ്ങളിലും കണ്ടുകിട്ടുന്നതാണ്. പ്രകടമാകുന്ന രീതിക്ക് ചില്ലറ വ്യത്യാസങ്ങൾ ഉണ്ടാവും എന്നേയുള്ളൂ.

സത്യത്തിൽ സ്ത്രീ എന്നത് ഒരു പ്രത്യേകസമൂഹമായി തിരിച്ചറിയപ്പെടണം. ഏതു മത പാരമ്പര്യത്തിൽ ജനിച്ചാലും എത്ര വിദ്യാഭ്യാസം നേടിയാലും ഏതു തൊഴിൽ ചെയ്താലും എത്ര പണം ഉണ്ടാക്കിയാലും അവൾ പലവിധമായ അനീതികൾക്ക് ഇരയാവുന്നുണ്ട്. അതിനു പരിഹാരം ഉണ്ടാവാൻ ആദ്യം വേണ്ടത് നിയമസഭ, ലോക്സഭ മുതലായ നിയമ നിർമ്മാണസമിതികളിൽ ഇരിപ്പടം സംവരണം ചെയ്ത് അധികാരത്തിലുള്ള പങ്ക് ഉറപ്പാക്കുകയാണ്: സ്ത്രീവിരുദ്ധമായ നിയമങ്ങൾ ഇല്ലാതാക്കുവാനും സ്ത്രീകൾക്ക് നീതി നൽകുന്ന നിയമങ്ങൾ ഉണ്ടാക്കുവാനും അത് അത്യാവശ്യമാണ്.

അധികാരത്തിൽ പങ്കുകിട്ടിയാലേ, സമൂഹത്തിന് സ്ത്രീയോടുള്ള സമീപനം മാറുകയുള്ളൂ. അഭിപ്രായം പറയാനും തീരുമാനം എടുക്കാനും നടപ്പാക്കാനും അവൾക്ക് പ്രാപ്തിയുണ്ടെന്ന് വന്നാലേ പ്രണയത്തിലും ദാമ്പത്യത്തിലും തൊഴിൽശാലയിലും സമൂഹത്തിലും അവൾക്ക് തുല്യതകിട്ടൂ.

അത്തരം തുല്യതകളിലാണ് ജനാധിപത്യം നിലനിൽക്കുന്നത്.

മിത്രവേദി—2011.

□

## എം. എൻ. കാരശ്ശേരി



മുഴുവൻ പേര്: മുഹ്യുദ്ദീൻ നടുക്കണ്ടിയിൽ. കോഴിക്കോട് ജില്ലയിലെ കാരശ്ശേരി എന്ന ഗ്രാമത്തിൽ 1951 ജൂലായ് 2-ന് ജനിച്ചു. പിതാവ്: പരേതനായ എൻ. സി. മുഹമ്മദ് ഹാജി. മാതാവ്: കെ. സി. ആയിശക്കുട്ടി. കാരശ്ശേരി ഹിദായത്തുസ്സിബിയാൻ മദ്രസ്സ, ഐ. ഐ. എ. യു. പി. സ്കൂൾ, ചേന്ദമംഗല്ലൂർ ഹൈസ്കൂൾ, കോഴിക്കോട് ഗുരുവായൂരപ്പൻ കോളേജ്, കാലിക്കറ്റ് സർവ്വകലാശാലാ മലയാളവിഭാഗം എന്നിവിടങ്ങളിൽ പഠിച്ചു. സോഷ്യോളജി-മലയാളം ബി. എ., മലയാളം എം. എ., മലയാളം എം. ഫിൽ. പരീക്ഷകൾ പാസ്സായി. 1993-ൽ കാലിക്കറ്റ് സർവ്വകലാശാലയിൽ നിന്ന് ഡോക്ടറേറ്റ്. 1976–78 കാലത്ത് കോഴിക്കോട്ട് മാതൃഭൂമിയിൽ സഹപത്രാധിപരായിരുന്നു. പിന്നെ അധ്യാപകനായി. കോഴിക്കോട് ഗവ. ആർട്സ് ആന്റ് സയൻസ് കോളേജ്, കോടഞ്ചേരി ഗവ. കോളേജ്, കോഴിക്കോട് ഗവ: ഈവനിങ്ങ് കോളേജ് എന്നിവിടങ്ങളിൽ ജോലി നോക്കി. 1986-മുതൽ കാലിക്കറ്റ് സർവ്വകലാശാലാ മലയാളവിഭാഗത്തിൽ.

പുസ്തകങ്ങൾ: പുലിക്കോട്ടിൽകൃതികൾ (1979), വിശകലനം (1981), തിരുമൊഴികൾ (1981), മുല്ലാനാസറുദ്ദീന്റെ പൊടിക്കൈകൾ (1982), മക്കയിലേക്കുള്ള പാത (1983), ഹുസ്നുൽ ജമാൽ (1987), കുറിമാനം (1987), തിരുവരുൾ (1988), നവതാളം (1991), ആലോചന (1995), ഒന്നിന്റെ ദർശനം (1996), കാഴ്ചവട്ടം (1997) തുടങ്ങി എൺപതിലേറെ കൃതികൾ.

ഭാര്യ: വി. പി. ഖദീജ, മക്കൾ: നിശ, ആഷ്‌ലി, മുഹമ്മദ് ഹാരിസ്.

# പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ടു് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <editors@sayahna.org>.
- പ്രതികരണങ്ങൾ <editors@sayahna.org> എന്ന ഇമെയിലിലിലേയ്ക്കോ, ഈ വെബ് പേജിൽ കമ്മന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014